
വർഷങ്ങൾക്ക് മുമ്പ് സെയ്ദ് നഗറിൽ നടന്ന ടൂർണമെന്റിൽ കളിക്കാനിറങ്ങിയ വി.പി.എ.എം ടീം

# കുഞ്ഞാലിക്കുട്ടി പന്ത് തട്ടിയ വി.പി.എ.എം

• പി.മനൂപ്

ലോകകപ്പ് ഫുട്ബോളിൽ ഒരു തവണപോലും ഇന്ത്യൻ ടീം പന്ത് തട്ടിയിട്ടില്ല. 2010 ലോകകപ്പിലെ മത്സരഫലങ്ങൾ പ്രവചിച്ച് താരമായിരുന്ന പോൾ നീരാളി ചിരിച്ച് ചിരിച്ച് ചത്തത് പോലും ഇന്ത്യ എപ്പോൾ ലോകകപ്പ് നേടും എന്ന ചോദ്യം കേട്ടിട്ടാണെന്ന് തമാശ രൂപേണ പറഞ്ഞിരുന്നു. 1950 ബ്രസീൽ ലോകകപ്പിൽ ഇന്ത്യൻ ടീമിന് ലോകകപ്പിൽ പന്ത് തട്ടാൻ അവസരം ലഭിച്ചിരുന്നു. എന്നാൽ ബൂട്ടിട്ട് കളിക്കണമെന്ന നിബന്ധനയുള്ളതിനാലാണത്രെ ഇന്ത്യ ഒരു മത്സരം പോലും കളിക്കാതെ മടങ്ങിയത്. ഇതിന് സമാനമായ ചരിത്രം തളിപ്പറമ്പിലെ ആദ്യകാല ടീമുകളിലൊന്നായ വി.പി.എ.എം ക്ലബിനും പറയാനുണ്ട്. വർഷങ്ങൾക്ക് മുമ്പ് കുവോട് നടന്ന ടൂർണ്ണമെന്റിൽ വി.പി.എ.എം ടീമും മാഹി ടീമും തമ്മിലുള്ള മത്സരം. കളി തുടങ്ങുന്നതിന് മുമ്പ് എതിർ ടീമിന് ബൂട്ടില്ലാത്തതിനൽ വി.പി.എ.എം ടീമിനോട് സംഘാടകർ ബൂട്ട് അഴിച്ചുവെച്ച് കളിക്കാൻ ആവശ്യപ്പെട്ടു. ബൂട്ട് ഉപേക്ഷിച്ച് കളിക്കാൻ തയ്യാറാകാതിരുന്ന ടീം ടൂർണ്ണമെന്റിൽ കളിക്കാതെ മടങ്ങുകയായിരുന്നു.

1969ൽ ആണ് വി.പി.എ.എം അഥവാ വി.പി.അബ്ദുറഹ്മാൻ മെമ്മോറിയൽ ഫുട്ബോൾ ക്ലബ് സ്ഥാപിതമാകുന്നത്. ടീമിന്റെ കളിക്കാരനായിരുന്ന അബ്ദുറഹ്മാന്റെ സ്മരണക്കാണ് ക്ലബ് സ്ഥാപിച്ചത്. 1969ൽ അക്കാലത്തെ പ്രശസ്തരായ രാമണ്ണ, പാപ്പണ്ണ തുടങ്ങിയ താരങ്ങളെ ഉണ്ടപ്പറമ്പിലെ സെവൻസ് ഫുട്ബോളിലേക്ക് ക്ഷണിക്കാൻ ബാംഗ്ലൂരിലേക്ക് പോയതായിരുന്നു വി.പി.അബ്ദുറഹ്മാൻ. എന്നാൽ യാത്രാമധ്യേ മൈസൂരിലെ ലോഡ്ജിൽ വെച്ച് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായതിനെത്തുടർന്ന് അദേഹത്തെ കൂടെയുണ്ടായിരുന്നവർ നാട്ടിലെത്തിച്ചുവെങ്കിലും മാസങ്ങൾക്ക് ശേഷം മരണപ്പെട്ടു. അതേ വർഷം അദേഹത്തിന്റെ സ്മരണക്കായി സുഹൃത്തുക്കൾ വി.പി.എ.എം ക്ലബ് രൂപീകരിക്കുകയും ചെയ്തു. പാലകുളങ്ങരയിലെ ഹരിദാസൻ ആയിരുന്നു ടീമിന്റെ ആദ്യ ക്യാപ്റ്റൻ. യൂണിവേഴ്സിറ്റി താരം ആലിക്കുട്ടി, റൈറ്റ് ബാക്ക് മഹമൂദ്, കുഞ്ഞികൃഷ്ണൻ, ബോൾട്ട് മുഹമ്മദ് കുഞ്ഞി, ഇബ്രാഹിം, ആലുവ എഫ്.എ.സി.ടി. ഗോളി ബാബു തുടങ്ങിയവരായിരുന്നു ക്ലബിന്റെ ആദ്യകാല കളിക്കാർ. മുസ്ലിംലീഗ് നേതാവും എം.പിയുമായ പി.കെ.കുഞ്ഞാലിക്കുട്ടിയും വി.പി.എ.എം ക്ലബിന്റെ രൂപീകരണത്തിൽ പങ്ക് വഹിച്ചിരുന്നു. അന്ന് സർസയ്യിദ് കോളേജ് വിദ്യാർത്ഥിയായിരുന്ന അദേഹം ചില മത്സരങ്ങളിൽ ടീമിനായി ജേഴ്സിയണിഞ്ഞിട്ടുണ്ട്. ഉണ്ടപ്പറമ്പ് മൈതാനം വാടകക്കെടുത്ത് സെവൻസ് ലീഗുകളും ക്ലബ് സംഘടിപ്പിച്ചിരുന്നു. തളിപ്പറമ്പിൽ ആദ്യമായി സെവൻസ് ലീഗ് സംഘടിപ്പിച്ചതും ഇവരാണ്. ലീഗ് നടക്കുന്ന വേളയിൽ പല കളിക്കാരും ഒരു മാസത്തോളം തളിപ്പറമ്പിൽ തന്നെ താമസിക്കുമായിരുന്നു. ആലിങ്കീൽ ടാക്കീസിന് സമീപത്തെ പാരഡൈസ് ലോഡ്ജിൽ ലീഗ് നടക്കുന്ന വേളയിൽ താരങ്ങൾക്ക് മാത്രമാണ് റൂം നൽകാറുള്ളത്. അക്കാലത്ത് ഫുട്ബോൾ മൈതാനങ്ങളിലെ മിന്നും താരങ്ങളായിരുന്ന പ്രേംനാഥ് ഫിലിപ്പ്, നജീബ്, മജീദ്, ടൈറ്റാനിയത്തിന്റെ രത്നാകരൻ, കൊലനാരായണൻ, പാട്രിക്ക്, കോഴിക്കോട് അബു തുടങ്ങിയവർ പലപ്പോഴായി ഉണ്ടപ്പറമ്പ് മൈതാനിയിൽ ബൂട്ടണിഞ്ഞവരാണ്.

കേരളത്തിലെ പലപ്രധാന ടൂർണ്ണമെന്റുകളിലും കപ്പുയർത്തിയ ചരിത്രവും ക്ലബിനുണ്ട്. കൂവോട്, കൊയിലാണ്ടി, കാസർഗോഡ്, പയ്യന്നൂർ തുടങ്ങിയ ഇടങ്ങൾ വി.പി.എ.എമ്മിന്റെ താരങ്ങൾ കാൽക്കീഴിലാക്കി. മത്സരയോഗ്യമല്ലാതിരുന്ന ഉണ്ടപ്പറമ്പ് മൈതാനത്ത് 1975ൽ റഷ്യൻ ബുൾഡോസർ കൊണ്ടുവന്ന് നിരപ്പാക്കിയതും ക്ലബിന്റെ മേൽനോട്ടത്തിലായിരുന്നു. ക്യാപ്റ്റനായിരുന്ന ഹരിദാസാണ് ടീമിന്റെ അവസാനവാക്ക്. ഫുട്ബോളിനായി ജീവിതം ഉഴിഞ്ഞുവെച്ച ഹരിദാസിനെ 44-ാം വയസിൽ സുഹൃത്തുക്കൾ നിർബന്ധിച്ചാണ് വിവാഹം കഴിപ്പിച്ചത്. രാത്രി ഒമ്പത് മണിക്ക് ശേഷം കളിക്കാർ ടൗണുകളിൽ കറങ്ങി നടക്കുന്നതും മദ്യപാനവും, പുകവലിയും, ഉറക്കമൊഴിയുന്നതും, ക്ലബ് വിലക്കിയിരുന്നു. കളിക്കാരുടെ സ്റ്റാമിനയെ ബാധിക്കുമെന്നതിനാലാണ് ഇത്തരമൊരു വിലക്കേർപ്പെടുത്തിയതെന്ന് താരങ്ങളായിരുന്ന മഹമൂദും ആലിക്കുട്ടിയും 'മക്തബി'നോട് പറഞ്ഞു.


പഴയകാല വി.പി.എ.എം ക്ലബ്ബ് ഭാരവാഹികളും കളിക്കാരും


സീതിസാഹിബ് ഫുട്ബോൾമേളയിലെ ചാമ്പ്യൻടീമിന് മുൻ ഇന്ത്യൻ ക്യാപ്റ്റൻ യു. ഷറഫലി ട്രോഫി സമ്മാനിക്കുന്നു.

# ടൂർണ്ണമെന്റുകളിലൂടെ കരുത്താർജിച്ച സീതിസാഹിബ് ക്ലബ്

• ജസീം.പി.കെ

ഫുട്ബോൾ കമ്പക്കരായ ഒരു സംഘം കുട്ടികൾ പിരിവെടുത്ത് കിട്ടിയ 30 രൂപകൊണ്ട് വാങ്ങിയ പന്തുമായി മൂന്നര പതിറ്റാണ്ട് മുമ്പ് ആരംഭിച്ച ക്ലബ്ബാണ് സീതി സാഹിബ് സ്പോർട്സ് ക്ലബ്ബ്. 1980ൽ തളിപ്പറമ്പ് കുണ്ടാംകുഴിയിൽ പന്തുകളിച്ചു നടന്നിരുന്ന കുട്ടികൾ രൂപീകരിച്ച യങ്ബ്രദേഴ്സ് ക്ലബ്ബ് രണ്ട് വർഷത്തിന് ശേഷം സീതി സാഹിബ് സ്പോർട്സ് ക്ലബ്ബെന്ന് നാമകരണം ചെയ്ത് പ്രവർത്തനം വിപുലപ്പെടുത്തുകയായിരുന്നു.

ചപ്പൻ അബ്ദുൾ അസീസാണ് സ്ഥാപക പ്രസിഡണ്ട്. അന്ന് തൊട്ടേ ടീമിന്റെ അമരത്തുള്ള റഫീഖ് ഡാൻഡി ഇന്നും പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു. തളിപ്പറമ്പ പ്രദേശത്തെ പ്രതിഭാധനരായ കളിക്കാരടങ്ങിയതായിരുന്നു അന്നത്തെ സീതിസാഹിബ് ടീം. തളിപ്പറമ്പിലെ അക്കാലത്തെ ഫുട്ബോൾ മാന്ത്രികരായിരുന്ന ചപ്പൻ അബു, കീലത്ത് അഷ്റഫ്, കെ.ടി.അബൂട്ടി, ദിൽഖർ, അയ്യാറെട്ട് (അന്ത്രുമാൻ), ഗോളി സി.പി.യു ഹാരിസ് മുഹമ്മദ് കുഞ്ഞി പള്ളക്കൻ തുടങ്ങിയവരായിരുന്നു പടക്കുതിരകൾ. അക്കാലത്തെ പ്രാദേശിക ടൂർണ്ണമെന്റായ തൂഫാൻ സ്പോർട്ടിങ്ങ് ടൂർണ്ണമെന്റിലടക്കം ചാമ്പ്യൻമാരായാണ് തുടക്കം. ടീമെന്ന നിലയിൽ അധികം ചരിത്രം പറയാനില്ലാത്ത സീതി ക്ലബ് ഫുട്ബോൾ ടൂർണ്ണമെന്റുകൾ സംഘടിപ്പിച്ചാണ് കരുത്താർജിക്കുന്നത്. പേരുകേട്ട പല ടൂർണ്ണമെന്റുകളിലും കളിച്ച് കരുത്ത് തെളിയിച്ച സീതി ക്ലബ് 20 വർഷങ്ങൾക്ക് മുമ്പാണ് സ്വന്തം പേരിൽ ആദ്യ ഫുട്ബോൾ ടൂർണ്ണമെന്റ് സംഘടിപ്പിക്കുന്നത്. ഇത് വരെയായി 18 ടൂർണ്ണമെന്റുകൾ സംഘടിപ്പിച്ചു. പഴയകാല ക്ലബ്ബുകളായ ടൗൺ ടീം തളിപ്പറമ്പ, വി.പി.എ.എം, ജലാലിയ, സ്പോർട്സ് സ്റ്റാർ, ഡമാക്കോ ഓർമ്മയിലേക്ക് മറഞ്ഞപ്പോൾ ഇന്നും കർമ്മരംഗത്ത് സജീവമായിട്ടുള്ളത് സീതി സാഹിബ് ക്ലബ്ബ് മാത്രമാണ്. സീതി സാഹിബിന്റെ തളിപ്പറമ്പ് ഫുട്ബോൾ മേളകൾ അരങ്ങേറുമ്പോൾ ഗൃഹാതുരത്വത്തിന്റെ ഓർമ്മകൾ തികട്ടിവരും തളിപ്പറമ്പിന്റെ പഴയകാല ഫുട്ബോൾ പ്രേമികൾക്ക്. ആദ്യകാലങ്ങളിൽ വൈകുന്നേരങ്ങളിലായിരുന്നു മൽസരങ്ങൾ നടത്തിയിരുന്നത്. പിന്നീട് ഫ്ളഡ്ലൈറ്റ് ടൂർണ്ണമെന്റുകൾ കൂടുതൽ പ്രചാരത്തിൽ വന്നതോടെ സീതി ഫുട്ബോൾ മേളയിലും ഫ്ളഡ്ലൈറ്റ് വെളിച്ചത്തിൽ മൽസരങ്ങൾ നടത്താൻ തുടങ്ങി. കഴിഞ്ഞ എട്ട് വർഷമായി ഫ്ളഡ്ലൈറ്റ് ടൂർണ്ണമെന്റ് സംഘടിപ്പിച്ച് വരുന്നു. മികച്ച പരിശീലകരുടെ കീഴിൽ കുട്ടികൾക്കായി ഫ്രീ കോച്ചിംഗ് ക്യാമ്പും ക്ലബ് നടത്തിവരുന്നുണ്ട്. നിലവിൽ റഫീഖ് ഡാൻഡി പ്രസിഡണ്ടും മിഖ്ദാദ് ചപ്പൻ സെക്രട്ടറിയുമായ കമ്മിറ്റിയാണ് സീതിസാഹിബ് ഫുട്ബോളിന്റെ അണിയറ പ്രവർത്തകർ


സീതിസാഹിബ് ഫുട്ബോൾ മേളയിലെ ജേതാക്കളായ ഹൈവേ സ്പോർട്ടിംഗ് ട്രോഫി ഏറ്റുവാങ്ങുന്നു.

# മൂന്ന് പതിറ്റാണ്ടിന്റെ തിളക്കവുമായി ഹൈവേ സ്പോർട്ടിങ്ങ്

തളിപ്പറമ്പിലെ പ്രധാന ക്ലബ്ബുകളിൽ ഒന്നായ ഹൈവേ സ്പോർട്ടിങ്ങ് ഹൈവേ ക്ലബ് 30-ാം വർഷത്തിക്കേ് കടക്കുന്നു. 1989ൽ എം.പി.അബ്ദുൾ ഖാദർ പ്രസിഡന്റും കൊടിയിൽ അബ്ദുള്ള സെക്രട്ടറിയുമായാണ് ക്ലബ് രൂപം കൊള്ളുന്നത്. അന്നത്തെ മിന്നും താരം കെ.മദനിയായിരുന്നു ക്യാപ്റ്റൻ. ജില്ലയിലെ വിവിധ സെവൻസ് ടൂർണ്ണമെന്റുകളിൽ സാന്നിധ്യമറിയിച്ച ടീം സീസണിൽ അഞ്ചോളം കിരീടങ്ങൾ ഷോക്കേസിലെത്തിച്ച് കരുത്ത് തെളിയിച്ചു. തളിപ്പറമ്പിലെ പ്രധാന ഫുട്ബോൾ ടൂർണ്ണമെന്റുകളായ കൂവോട്, സീതിസാഹിബ് ഫുട്ബോൾ മേള, മുയ്യം തുടങ്ങിയ ഇടങ്ങളിൽ നിന്ന് കപ്പും കൊണ്ടാണ് ഹൈവേ ടീം മടങ്ങിയത്. ഹരം പിടിപ്പിക്കുന്ന ഹൈവേയുടെ കളിയോർമ്മകൾ ചികഞ്ഞെടുക്കുമ്പോൾ നിരവധി കളിക്കാരെ ഓർക്കാനുണ്ട്. സി.ഹാരിസ്, പി.എം. ജലീൽ, കെ.മദനി, നെൽക്കോ സിദ്ധിഖ്, കൂവൻ മജീദ് തുടങ്ങിയ താരങ്ങൾ 90കളിൽ തളിപ്പറമ്പിലെ ഫുട്ബോൾ മൈതാനങ്ങളെ ഹരം കൊള്ളിച്ചവരായിരുന്നു. ബാറിന് കീഴിൽ പറന്ന് കളിച്ച കെ.പി.ഇസ്മായിൽ അക്കാലത്തെ ജില്ലയിലെ മികച്ച ഗോളികളിൽ ഒരാളായിരുന്നു. റെഡ്സ്റ്റാർ പുളിമ്പറമ്പ് നടത്തിയ ടൂർണ്ണമെന്റിൽ കിരീടം ചൂടിയാണ് ഹൈവേയുടെ തേരോട്ടം തുടങ്ങിയത്. ക്ലബിന്റെ താരങ്ങളായ കെ.ഷംസുദ്ദീൻ, ബി.ഹബീബ് തുടങ്ങിയവരുടെ ജീവൻ വ്യത്യസ്ത വാഹനാപകടങ്ങളിൽ പൊലിഞ്ഞ് ക്ലബ് ചരിത്രത്തിലെ കണ്ണീർ ഓർമ്മയായി. കുമ്മായവരക്ക് പുറത്ത് പ്രവാസി കൂട്ടായ്മകളുമായി സഹകരിച്ച് റിലീഫ് പ്രവർത്തനങ്ങളും ക്ലബ് നടത്തിവരുന്നു. വളർന്നു വരുന്ന കളിക്കാർക്കായി ജൂനിയർ ഹൈവേ ടീം പ്രവർത്തിക്കുന്നുണ്ട്. കെ.വി.നിസാർ പ്രസിഡന്റും സി.കെ.മജീദ് സെക്രട്ടറിയുമായ കമ്മിറ്റിയാണ് ക്ലബിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്.

